കുറ്റത്തിന് നൽകുന്ന ശിക്ഷയേക്കാളും മുന്നിരട്ടി ശിക്ഷ നൽകേണ്ടതുള്ളതായി സർക്കാർ കരുതുന്നില്ല.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി & ഡി) നിയമലംഘനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾതന്നെ പര്യാപ്തമാണ്.

കേരളാ സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാരുടെ പ്രശ്നങ്ങൾ

*22 [322] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിവിധ പെൻഷനേഴ്സ് സംഘടനകൾ നല്കിയ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ഇന്നത്തെ പെൻഷൻ സംവിധാനത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) കേരളത്തിൽ പുതിയ പെൻഷൻ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ:

(ഇ) പെൻഷൻകാരുടെ ചികിത്സാ പദ്ധതി, ക്ഷേമ പദ്ധതി, ബോണസിനു തുല്യം ഉത്സവ ബത്ത, 5 വർഷത്തിലൊരിക്കൽ പെൻഷൻ പരിഷ്ക്കാരം എന്നീ നിർദ്ദേശങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 16-1-2002-ലെ സ. ഉ. (പി) 56/02/ധന. ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം പുതുതായി സർക്കാർ സർവ്വീസിലും/പെൻഷൻ പദ്ധതി നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലിയിൽ പ്രവേശിക്കുന്നവർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പിലാക്കുവാൻ നയപരമായി തീരുമാനം എടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അറിഞ്ഞ ശേഷം സ്കീം നടപ്പാക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) പരിശോധിച്ചുവരുന്നു.

പൊതുമുതൽ നശപ്പിക്കുന്നവരിൽനിന്നും നഷ്ടം ഈടാക്കുവാൻ നടപടി

*23 [323] ശ്രീ. ടി. എൻ. പ്രതാപൻ :

,, ടി. യു. രാധാകൃഷ്ണൻ :

,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹർത്താൽ, ജാഥ എന്നിവ നടത്തുമ്പോൾ പൊതുമുതൽ നശിപ്പിക്കുന്നവരിൽനിന്നും നഷ്ടം ഈടാക്കുവാനുദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ പൊതുമുതൽ എന്നതിൽ ഗവൺമെന്റിന്റെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ വസ്തുവകകൾ മാത്രം ഉൾപ്പെടുത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹർത്താലിന്റേയും, ജാഥയുടേയും പേരിൽ വ്യക്തികളുടെ മുതൽ നശിപ്പിക്കുമ്പോഴും നഷ്ടം ഈടാക്കുന്നതിന് വ്യവസ്ഥയുണ്ടാക്കുമോ എന്ന് വ്യക്ത മാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്. 17-12-2003 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (എം. എസ്.) 277/2003/ആഭ്യന്തരം പ്രകാരം ഹർത്താൽ, ജാഥ എന്നിവ നടത്തുമ്പോൾ പൊതുമുതൽ നശിപ്പിക്കുന്നവരിൽനിന്നും നഷ്ടം ഈടാക്കാൻ വ്യവസ്ഥ യുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) 17-12-2003-ലെ ജി. ഒ. (എം. എസ്.) 277/2003/ആഭ്യന്തരം പ്രകാരമുള്ള സർക്കാർ ഉത്തരവിൽ ആറാം ഖണ്ഡികയിൽ പ്രതിപാദിക്കുന്നത് പ്രകാരം

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly